# കേരള സർവകലാശാല

നം. പി.ആർ.075/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ദേശീയ റാങ്കിംഗിൽ നേട്ടം കൊയ്ത് കേരള സർവകലാശാല

2015–ൽ നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡ് കരസ്ഥമാക്കിയതിന് ശേഷം കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ കേരള സർവകലാശാലക്ക് മികച്ച നേട്ടം. സർവകലാശാലകളുടെ റാങ്കിംഗ് പട്ടികയിൽ ദേശീയ തലത്തിൽ 29–ാം സ്ഥാനത്തും സംസ്ഥാന തല ത്തിൽ ഒന്നാം സ്ഥാനത്തുമാണ് കേരള സർവകലാശാല. 2015–ൽ കേരളത്തിലെ മികച്ച സർവകലാശാലയ്ക്കുള്ള പ്രഥമ ചാൻസലേഴ്സ് അവാർഡ് നേടിയ കേരള സർവകലാശാല കഴിഞ്ഞ മൂന്നു വർഷങ്ങളായി ഒട്ട നവധി ഗുണനിലവാര പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലം കണ്ട ചാരിതാർത്ഥ്യത്തിലാണിപ്പോൾ. പതിറ്റാണ്ടുകളായി പരിഷ്കരിക്കാതെ കിടന്ന പല റഗുലേഷനുകളും മികച്ച രീതിയിൽ പരിഷ്കരിക്കുകയും ഒട്ടനവധി നൂതന സംരംഭങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യാൻ സർവകലാശാല യ്ക്കായി. 75 വർഷങ്ങളിൽ ഒരു പേറ്റന്റ് മാത്രം നേടിയ ചരിത്രം സമീപകാലത്ത് മാറ്റിക്കുറിച്ചുകൊണ്ട് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നാല് പേറ്റന്റുകൾ കരസ്ഥമാക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മുടങ്ങികി ടന്ന കാമ്പസ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ പുനരുജ്ജീവിപ്പിച്ച് പുതിയ വിദ്യാർത്ഥി സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. സർവകലാശാലയുടെ പ്രവർത്തനങ്ങൾ നിരന്തരമായി രേഖപ്പെടുത്താനും അപഗ്രഥിക്കാനുമായി വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഗുണനിലവാര സമിതി രണ്ട് മാസത്തി ലൊരിക്കൽ കൂടി തീരുമാനങ്ങളെടുക്കാറുണ്ട്. ഗവേഷക വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേണ്ടി അതിവേഗ ഇ- പ്രസിദ്ധീകരണ പദ്ധതിയിലൂടെ ആറ് ഇ–ബുക്കുകൾ പ്രസിദ്ധീകരിക്കാൻ സർവകലാശാലയ്ക്ക് സാധിച്ചു. ശാസ്ത്രസാങ്കേതിക ഗവേഷണത്തിന് പുതുജീവൻ നൽകാനായി സ്ഥാപിച്ച സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രമെന്റേഷൻ സെന്ററിൽ (എസ്.ഐ.സി.സി) കോടി ക്കണക്കിന് വിലവരുന്ന അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു. ഇതിന്റെ ഉപയോക്താക്കളായി വി.എസ്.എസ്.സി, ഐ.ഐ.എസ്.ഇ.ആർ, അഫിലി യേറ്റഡ് കോളേജുകൾ എന്നിവർ വരുന്നുണ്ട്. അദ്ധ്യാപനത്തിലെ ശ്രദ്ധേയമായ പരീക്ഷണങ്ങൾ പുറത്ത് കൊണ്ടുവരാൻ കരിക്കുലം ഫെയർ, ഓൺലൈൻ കോഴ്സായ MOOC, ഗുണനിലവാരം വിലയിരുത്തലിനായി അക്കാദമിക് ആഡിറ്റ്, ജെന്റർ ആഡിറ്റ്, ഗ്രീൻ ആഡിറ്റ്, വാർഷിക വിദ്യാർത്ഥി സർവേ, ഗവേ ഷക വിദ്യാർത്ഥി സർവേ എന്നീ പല ഘടകങ്ങൾ സർവകലാശാലയ്ക്ക് റാങ്കിം ഗിൽ ഉന്നത സ്ഥാനം കിട്ടാൻ കാരണഭൂതമായി. അദ്ധ്യാപകരും ഗവേഷക വിദ ്യാർത്ഥികളും ആത്മാർത്ഥതയോടെ നടത്തുന്ന ഗവേഷണം, മികവുറ്റ ജേർണ ലുകളിൽ അവർ നേടിയിട്ടുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവയും മികച്ച റാങ്കിം ഗ് നേടാൻ സർവകലാശാലയെ സഹായിച്ചു. ഒഴിഞ്ഞ അദ്ധ്യാപക തസ്തിക യിൽ വിവാദങ്ങളില്ലാതെ തുടർച്ചയായി നിയമനം നടക്കുന്നതും പി.എസ്.സി വഴി അസിസ്റ്റന്റ് നിയമനം നടന്നതും സർവകലാശാലയ്ക്ക് പുതിയ കരുത്ത് നൽകുന്നു.

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത പ്ലസ് ടു/പ്രി ഡിഗ്രി ജയം. അപേക്ഷാഫോം കോളേജിലെ തുടർ വിദ്യാഭ്യാസ യൂണിറ്റിൽ നിന്ന് ലഭിക്കും. അപേക്ഷ ഫീസ് 110 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0472 2867555, 7293973530.

## എം.എഡ് റിസർച്ച് പ്രൊപ്പോസൽ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ ആറ് മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് നോൺ സി.എസ്.എസ് ഡിഗ്രി പരീക്ഷയോടനുബന്ധിച്ചുള്ള റിസർച്ച് പ്രൊപ്പോസൽ നടത്തുന്നതിന്റെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ ആറിന് തുടങ്ങുന്ന പാർട്ട് മൂന്ന് ബി.കോം (ആന്വൽ സ്കീം) പരീക്ഷക്ക് നെടുമങ്ങാട് ഗവ. കോളേജ് പരീക്ഷകേന്ദ്രമാണ്. കൂടാതെ ഇക്ബാൽ കോളേജ് ആവശ്യപ്പെട്ടവരും, ഗവ. സംസ്കൃത കോളേജ് ആവശ്യപ്പെട്ടവരിൽ നം: 1402103–1402185 വരെയുള്ളവരും നെടുമങ്ങാട് ഗവ. കോളേജിൽ പരീക്ഷ എഴുതണം.

## ബി.എ/ബി.എസ്.സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ 17–ന് ആരംഭിക്കാനിരുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ് പരീക്ഷകൾ ഏപ്രിൽ 19–ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മെയിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) റഗുലർ പരീക്ഷയ്ക്ക് ഓൺലൈനായി പിഴകൂടാതെ ഏപ്രിൽ 12 (50 രൂപ പിഴയോടെ ഏപ്രിൽ 17, 125 രൂപ പിഴയോടെ ഏപ്രിൽ 19) വരെ ഫീസടച്ച് അപേക്ഷിക്കാം. പ്രസ്തുത പരീക്ഷക്ക് അപേക്ഷിക്കുന്ന സെഷണൽ ഇംപ്രൂവ് ചെയ്ത വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
04.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ